"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പൊതു ആവശ്യം - എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ ചെങ്ങമനാട് വില്ലേജിൽ അങ്കണവാടി നിർമ്മാണത്തിനായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സർവ്വേ നം.126/1-2-3-ൽപ്പെട്ട 1.62 ആർസ് ഭൂമി പരിവർത്തനം ചെയ്യുന്നതിന് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ. ) വകുപ്പ്**

സ.ഉ.(കൈ) നം.17/2026/AGRI തീയതി,തിരുവനന്തപുരം, 02-02-2026

---

പരാമർശം:- 1. ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച ഫോം നം.2 അപേക്ഷ ഉള്ളടക്കം ചെയ്ത ചെങ്ങമനാട് കൃഷി ഓഫീസറുടെ 03.06.2025-ലെ CHD 04/2025-26 നമ്പർ കത്ത്.

2. 17.11.2025-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ ചെങ്ങമനാട് വില്ലേജിൽ ബ്ലോക്ക് 8-ൽ സർവ്വേ നം.126/1-2-3-ൽ അങ്കണവാടി നിർമ്മാണത്തിനായി 1.62 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി 17.11.2025-ൽ കൂടിയ യോഗത്തിൽ പരിശോധിച്ച് ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും സർക്കാരിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി:

"എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ ചെങ്ങമനാട് വില്ലേജിൽ അങ്കണവാടി നിർമ്മാണത്തിനായി സർവ്വേ നം.126/1-2-3ൽ ഉൾപ്പെട്ട 1.62 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതിയ്ക്കായി ചെങ്ങമനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. പാറക്കടവ് ഐ.സി.ഡി.എസ് പ്രോജക്ടിന്റെ പരിധിയിലുള്ള ചെങ്ങമനാട് ഗ്രാമ പഞ്ചായത്ത് വാർഡ് 9-ൽ പ്രവർത്തിക്കുന്ന അങ്കണവാടി സെന്റർ നമ്പർ 88 സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ലാതെ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്ഥലം ലഭ്യമാക്കുന്നതിനായി നടത്തിയ അന്വേഷണത്തിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലോ ആസ്തിയിലോ വേറെ ഭൂമി ലഭ്യമായിരുന്നില്ലായെന്നും, നിലവിൽ ലഭിച്ചിട്ടുള്ള ഭൂമി റോഡ് സൗകര്യമുള്ളതും അങ്കണവാടി കെട്ടിട നിർമ്മാണത്തിന് അനുയോജ്യവുമാണെന്ന് പാറക്കടവ് ശിശു വികസന പദ്ധതി ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ പരിവർത്തനം സമീപത്തെ നെൽക്കൃഷിയെയോ നീരൊഴുക്കിനെയോ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണെന്നും, അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുന്ന തരം മാറ്റം മറ്റു സ്വകാര്യ വ്യക്തികളുടെ ഭൂമികൾ തരം മാറ്റുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കാവുന്നതല്ല എന്ന്

നിഷ്കർഷിച്ചും പരിവർത്തനാനുമതി നൽകാവുന്നതാണ്. ടി വ്യവസ്ഥ പാലിയ്ക്കുന്നുണ്ടോയെന്ന് എറണാകുളം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്."

2. സംസ്ഥാനതല സമിതിയുടെ മേൽ റിപ്പോർട്ട് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 10(2) പ്രകാരം സർക്കാർ വിശദമായി പരിശോധിച്ചു. അപേക്ഷയുടെ ഭൂമിയുടെ പരിവർത്തനം സമീപത്തെ നെൽക്യഷിയെയോ നീരൊഴുക്കിനെയോ തടസ്സപ്പെടാത്ത രീതിയിൽ മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണെന്നും, അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി അനുവദിക്കുന്ന തരം മാറ്റം മറ്റു സ്വകാര്യ വ്യക്തികളുടെ ഭൂമികൾ തരം മാറ്റുന്നതിനുള്ള മാനദണ്ഡമായി കണക്കാക്കാവുന്നതല്ല എന്ന് നിഷ്കർഷിച്ചും, എറണാകുളം ജില്ലയിൽ ആലുവ താലൂക്കിൽ ചെങ്ങമനാട് വില്ലേജിൽ അങ്കണവാടി നിർമ്മാണത്തിനായി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട സർവ്വേ നം.126/1-2-3ൽപ്പെട്ട 1.62 ആർസ് ഭൂമി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3. പ്രസ്തുത വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് എറണാകുളം ജില്ലാ കളക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജാഫർഖാൻ.എസ്
അഡിഷണൽ സെക്രട്ടറി

1. സെക്രട്ടറി, ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്, എറണാകുളം.
2. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3. ജില്ലാ കളക്ടർ, എറണാകുളം.
4. ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
5. ഡോ.അനു.ജി.കൃഷ്ണൻ, പ്രൊഫസർ, ഹോർട്ടികൾച്ചർ, റീജയണൽ അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷൻ, കുമരകം, കോട്ടയം.
6. പ്രിൻസിപ്പൽ കൃഷി ഓഫീസർ, എറണാകുളം.
7. കൃഷി ഓഫീസർ, കൃഷി ഭവൻ ചെങ്ങമനാട്, ദേശം (പി.ഒ.) എറണാകുളം.
8. വില്ലേജ് ഓഫീസർ, ചെങ്ങമനാട്, എറണാകുളം.
9. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
10. കരുതൽ ഫയൽ ഓഫീസ് പകർപ്പ് (ഫയൽ നം.NCA2/194/2025-Agri)

Signed by
Archana B P
Date: 02-02-2026 22:04:47

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്:

1. കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.
2. കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.